# കേരള സർവകലാശാല

നം.പി.ആർ.184/2019 ഫോൺ: 2305738

## പത്രക്കുറിപ്പ്

### വൈവാ വോസി

2019 ജൂലൈയിൽ നടത്തിയ ആറാം സെമസ്റ്റർ യൂണിറ്ററി എൽ.എൽ.ബി പരീക്ഷകളുടെ വൈവാ വോസി സെപ്റ്റംബർ 3 മുതൽ ആരംഭിക്കുന്നതാണ്. വിശദമായ ടൈംടേബിൾ വെബ്സൈറ്റിൽ.

### തീയതി നീട്ടി

സർവകലാശാലയുടെ കീഴിലുള്ള അഫിലിയേറ്റഡ് ഗവൺമെന്റ്/എയ്ഡഡ്/സ്വാശ്രയ ട്രെയിനിംഗ് കോളേജുകളിലേയ്ക്ക് 2019 – 21 അദ്ധ്യയന വർഷത്തിലേക്കുള്ള ബി.എഡ് അഡ്മിഷനുള്ള അവസാന തീയതി ആഗസ്റ്റ് 31 വരെ നീട്ടിയിരിക്കുന്നു.

### പരീക്ഷാഫീസ്

ഒന്നാം സെമസ്റ്റർ എം.ബി.എ (2018 – 2020 ബാച്ച്) (എസ്.ഡി.ഇ) ഒക്ടോബർ 2019 പരീക്ഷയ്ക്ക് പിഴ കൂടാതെ സെപ്റ്റംബർ 17 വരെയും 150 രൂപ പിഴയോടെ സെപ്റ്റംബർ 23 വരെയും 400 രൂപ പിഴയോടെ സെപ്റ്റംബർ 26 വരെയും അപേക്ഷിക്കാം. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

### പരീക്ഷാഫലം

2019 ജൂലൈയിൽ നടത്തിയ പത്താം സെമസ്റ്റർ ഇന്റഗ്രേറ്റഡ് പഞ്ചവത്സര ബി.എ.എൽ.എൽ.ബി/ബി.കോം.എൽ.എൽ.ബി/ബി.ബി.എ.എൽ.എൽ.ബി പരീക്ഷാഫലം വെബ്സൈറ്റിൽ. സൂക്ഷ്മപരിശോധനയ്ക്കും പുനർമൂല്യനിർണ്ണയത്തിനും സെപ്റ്റംബർ 6 വരെ അപേക്ഷിക്കാം.

2019 ഫെബ്രുവരിയിൽ നടത്തിയ എം.എ സോഷ്യോളജി രണ്ടാം വർഷ പ്രൈവറ്റ് രജിസ്ട്രേഷൻ (2016 അഡ്മിഷൻ) പരീക്ഷാഫലം വെബ്സൈറ്റിൽ.

2019 മാർച്ചിൽ നടന്ന ബി.എൽ.ഐ.എസ്.സി (ഒരു വർഷ കോഴ്സ്) പരീക്ഷാഫലം വെബ്സൈറ്റിൽ. സൂക്ഷ്മപരിശോധനയ്ക്ക് സെപ്റ്റംബർ 6 വരെ അപേക്ഷിക്കാം.

# സംസ്കൃത ദിനാചരണം

സംസ്കൃതവിഭാഗത്തിന്റെയും വേദാന്തപഠനകേന്ദ്രത്തിന്റേയും ആഭിമുഖ്യത്തിൽ 2019 ലെ സംസ്കൃത ദിനാചരണം ആഗസ്റ്റ് 27 ന് സെനറ്റ് ചേംബറിൽ വെച്ച് നടത്തുന്നതാണ്. രാവിലെ 11 മണി മുതൽ 'സാമൂഹിക നവോത്ഥാനം സംസ്കൃതത്തിലൂടെ' എന്ന വിഷയത്തിൽ ഉപന്യാസ മത്സരവും സംഘഗാന മത്സരവും സർവകലാശാല വിദ്യാർത്ഥികൾക്കായി സംഘടിപ്പിക്കുന്നതാണ്. അന്നേ ദിവസം ഉച്ചയ്ക്ക് 2 മണി മുതൽ നിരവധി അവാർഡുകൾ കരസ്ഥമാക്കിയ 'പ്രിയമാനസം' എന്ന സംസ്കൃതചലച്ചിത്രത്തിന്റെ പ്രദർശനവും ഉണ്ടായിരിക്കുന്നതാണ്.

തിരുവനന്തപുരം.
26.08.2019

പബ്ലിക് റിലേഷൻസ് ഓഫീസർ

e-mail: ku.release@gmail.com website: www.keralauniversity.ac.in

University information is available on 0471-2305994, 155300 (BSNL Land line), 0471-155300 (from mobile) 0471-2115054 and 0471-2115098